"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ആവണിപ്പാറ ട്രൈബൽ കോളനിയിലേയ്ക്കുള്ള ആവണിപ്പാറ പാലം നിർമ്മാണം - നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.21/2026/PWD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-

1. 04/05/2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ
2. 26.03.2025 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.239/2025/SCSTD
3. 31.10.2025 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.854/2025/SCSTD
4. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 25.02.2026 തീയതിയിലെ CEPWD/15071/2023-AB2-BR നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ആവണിപ്പാറ ട്രൈബൽ കോളനിയിലേയ്ക്കുള്ള ആവണിപ്പാറ പാലം നിർമ്മാണ പ്രവൃത്തിയ്ക്കായി പരാമർശം (2) പ്രകാരം 2,50,30,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 07.07.2025 തീയതിയിൽ അതേ തുകയ്ക്കുള്ള സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടായിരുന്നു.

2) പ്രസ്തുത പ്രവൃത്തിയ്ക്കായി 1,99,49,004/- രൂപയുടെ എസ്റ്റിമേറ്റ് പി.എ.സി കണക്കാക്കി 25.07.2025 - ന് ടെണ്ടർ ചെയ്തപ്പോൾ ഒരു ബിഡ് മാത്രമാണ് ലഭിച്ചത്. അതിനാൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തു. 13.08.2025 - ന് നടന്ന റീ-ടെണ്ടറിലും ഒരു ബിഡ് മാത്രമാണ് ലഭിച്ചത്. സിംഗിൾ ബിഡ്ഡറായ ശ്രീ. തോമസ് പി.ജെ 2,21,93,784/- രൂപയാണ് ക്വാട്ട് ചെയ്തത്.

ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തുകയും അതിൻപ്രകാരം ക്വാട്ടഡ് എമൗണ്ട് **2,19,29,523/-**രൂപയായി കുറയ്ക്കുകയും ചെയ്തിരുന്നു. പ്രസ്തുത തുക എസ്റ്റിമേറ്റ് പി.എ.സി തുകയായ **1,99,49,004/-** രൂപയെക്കാൾ **9.93%** വർദ്ധനവുള്ളതും, **LMR** തുകയായ **2,10,57,689/-** രൂപയെക്കാൾ **4.14%** വർദ്ധനവുള്ളതും, **DSoR+10%** തുകയായ **2,19,43,904/-** രൂപയെക്കാൾ **0.065%** കുറവുള്ളതുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Estimate PAC | 1,99,49,004/- |
| DsoR 2021+10% | 2,19,43,904/- |
| LMR Estimate | 2,10,57,689/- |
| Quoted /Negotiated Amount (L1) | 2,19,29,523/- |
| Comparison of L1 with respect to EPAC | +9.93% |
| Comparison of L1 with respect to DsoR 2021+10% | -0.065% |
| Comparison of L1 with respect to LMR Estimate | +4.14% |

**3)** പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ആവണിപ്പാറ ട്രൈബൽ കോളനിയിലേയ്ക്കുള്ള ആവണിപ്പാറ പാലം നിർമാണ പ്രവൃത്തി പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച **Deposit Work** ആയതിനാൽ, ടെണ്ടർ എക്സസ് അംഗീകരിക്കുന്നതിന് ആ വകുപ്പിന്റെ മുൻകൂർ അനുമതി അനിവാര്യമായിരുന്നു. പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് പരാമർശം **(3)** പ്രകാരം ആവശ്യമായ അധിക തുകയ്ക്ക് **(Rs.2,73,61,838/-)** ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു.

**4)** പ്രസ്തുത പ്രവൃത്തിയ്ക്കായി **L1** കരാറുകാരനായ ശ്രീ. തോമസ് പി.ജെ ക്വോട്ട് ചെയ്തിരിക്കുന്നത് എസ്റ്റിമേറ്റ് പി.എ.സി തുകയെക്കാൾ **9.93%** ഉയർന്ന നിരക്കിലാണെന്നും, പ്രസ്തുത പ്രവൃത്തി പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന് വേണ്ടിയുള്ള ഒരു **Deposit Work** ആണെന്നും റീ-ടെണ്ടർ ചെയ്യുകയാണെങ്കിൽ പ്രവൃത്തിയ്ക്ക് കാലതാമസം ഉണ്ടാകുമെന്നും, ടെണ്ടറിൽ നിലവിൽ ലഭിച്ചിട്ടുള്ളതിനേക്കാൾ കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടർ ലഭിക്കുവാൻ സാധ്യത ഇല്ലാത്തതിനാലും, ശ്രീ. തോമസ് പി..ജെ ക്വോട്ട് ചെയ്ത **Rs.2,19,29,523/-** രൂപയ്ക്കുള്ള ടെണ്ടർ, പരാമർശം **(1)** ഉത്തരവിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകി, അംഗീകരിച്ച് നൽകണമെന്ന് പരാമർശം **(4)** പ്രകാരം പാലങ്ങൾ വിഭാഗം ചീഫ്

എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ആവണിപ്പാറ ട്രൈബൽ കോളനിയിലേയ്ക്കുള്ള ആവണിപ്പാറ പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രീ. തോമസ് പി.ജെ എന്ന കരാറുകാരൻ ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് **PAC** - യെക്കാൾ **9.93%** വർദ്ധനവുള്ളതും , എൽ.എം.ആർ തുകയെക്കാൾ **4.14%** വർദ്ധനവുള്ളതും, **DSOR+10%**-നെക്കാൾ **0.065%** കുറവുള്ളതുമായ **2,19,29,523/-** രൂപയുടെ (രണ്ട് കോടി പത്തൊൻപത് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ടെണ്ടർ; **04.05.2019** തീയതിയിലെ സഉ(അച്ചടി)നം.**54/2019**/ഫിൻ പ്രകാരം നിലവിലുള്ള മാനദണ്ഡമായ " **Quoted rate / LMR or DSOR+10% whichever is less**" എന്നതിൽ ഇളവ് വരുത്തി, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ.

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ **3814** തീയതി **05.03.2026**)

ധനകാര്യവകുപ്പ് **(INPW-C2/9/2026-Fin(E. 3379891 , dated 24.02.2026)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി.ആർ.ഡി

കരുതൽ ഫയൽ - **D1/667/2025-PWD**

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 07-03-2026 13:35:21 സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു,പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് - ന്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ - ക്ക്

രഹസ്യം

# കേരള സർക്കാർ
## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 05-03-2026

ഫയൽ നം. PWD-D1/667/2025-PWD. ഇനം നം: 3814

വിഷയം : പൊതുമരാമത്ത് വകുപ്പ് - പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ആവണിപ്പാറ ട്രൈബൽ കോളനിയിലേയ്ക്കുള്ള ആവണിപ്പാറ പാലത്തിന്റെ നിർമ്മാണം - ടെണ്ടർ എക്സസ് - നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "quoted rate/LMR or DSoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

3814

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | PWD-D1/667/2025-PWD |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ആവണിപ്പാറ ട്രൈബൽ കോളനിയിലേയ്ക്കുള്ള ആവണിപ്പാറ പാലത്തിന്റെ നിർമ്മാണം-ടെണ്ടർ എക്സ്സ്-നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "quoted rate/LMR or DSoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്-സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28.02.2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | നിത എം |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | കെ.ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ . ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.03.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | അഡ്വ. പി.എ.മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 02.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ആവണിപ്പാറ ട്രൈബൽ കോളനിയിലേയ്ക്കുള്ള ആവണിപ്പാറ പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രീ. തോമസ് പി.ജെ എന്ന കരാറുകാരൻ സമർപ്പിച്ച ടെണ്ടർ, നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി അംഗീകരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ സംബന്ധിച്ച കുറിപ്പാണിത്.

2) പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ആവണിപ്പാറ ട്രൈബൽ കോളനിയിലേയ്ക്കുള്ള ആവണിപ്പാറ പാലം നിർമ്മാണ പ്രവൃത്തിയ്ക്കായി 26.03.2025 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.239/2025/SCSTD പ്രകാരം 2,50,30,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു 07.07.2025 തീയതിയിൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അതേ തുകയ്ക്കുള്ള സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

3) പ്രസ്തുത പ്രവൃത്തിയ്ക്കായി 1,99,49,004/- രൂപയുടെ എസ്റ്റിമേറ്റ് പി.എ.സി പ്രകാരം 25.07.2025 - ന് ടെണ്ടർ ചെയ്തപ്പോൾ ഒരു ബിഡ് മാത്രമാണ് ലഭിച്ചത്. അതിനാൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തു. 13.08.2025 - ന് നടന്ന റീ-ടെണ്ടറിലും ഒരു ബിഡ് മാത്രമാണ് ലഭിച്ചത്. സിംഗിൾ ബിഡ്ഡറായ ശ്രീ. തോമസ് പി.ജെ 2,21,93,784/- രൂപയാണ് ക്വാട്ട് ചെയ്തത്. ടി തുക എസ്റ്റിമേറ്റ് പി.എ.സി തുകയെക്കാൾ 11.25% കൂടുതലാണ്. ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തുകയും അതിൻപ്രകാരം ക്വാട്ടഡ് എമൗണ്ട് 2,19,29,523/-രൂപയായി കുറച്ചുവെന്നും, ടി തുക എസ്റ്റിമേറ്റ് പി.എ.സി തുകയായ 1,99,49,004/- രൂപയെക്കാൾ 9.93% വർദ്ധനവുള്ളതും, LMR തുകയായ 2,10,57,689/- രൂപയെക്കാൾ 4.14% വർദ്ധനവുള്ളതും, DSoR+10% തുകയായ 2,19,43,904/- രൂപയെക്കാൾ 0.065% കുറവുള്ളതുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Estimate PAC | 1,99,49,004/- |
| DsoR 2021+10% | 2,19,43,904/- |
| LMR Estimate | 2,10,57,689/- |
| Quoted /Negotiated Amount (L1) | 2,19,29,523/- |
| Comparison of L1 with respect to EPAC | +9.93% |
| Comparison of L1 with respect to DsoR 2021+10% | -0.065% |
| Comparison of L1 with respect to LMR Estimate | +4.14% |

4) പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ആവണിപ്പാറ ട്രൈബൽ കോളനിയിലേയ്ക്കുള്ള ആവണിപ്പാറ പാലം നിർമാണ പ്രവൃത്തി പട്ടികജാതി പട്ടികവർഗ

വികസന വകുപ്പ് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച Deposit Work ആയതിനാൽ, ടെണ്ടർ എക്സസ് അംഗീകരിക്കുന്നതിന് ആ വകുപ്പിന്റെ മുൻകൂർ അനുമതി അനിവാര്യമായിരുന്നു. പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് 31.10.2025 തീയതിയിലെ സ.ഉ. (സാധാ).നമ്പർ.854/2025/SCST പ്രകാരം ആവശ്യമായ അധിക തുകയ്ക്ക് (2,73,61,838) ഭരണാനുമതി നൽകിയിട്ടുണ്ട്.

5) പ്രസ്തുത പ്രവൃത്തി ആവണിപ്പാറ ട്രൈബൽ സെറ്റിൽമെന്റുമായി ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. പ്രവൃത്തി സ്ഥലം അച്ചൻകോവിൽ ആറിനോട് ചേർന്ന് വനഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. വന പ്രദേശമായതിനാൽ നിർമ്മാണ സാമഗ്രികൾ ദൂരെ സ്ഥലങ്ങളിൽ നിന്ന് സൈറ്റിലെത്തിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഒരുക്കേണ്ടത് ആവശ്യമാണ്. ഇത് പ്രവൃത്തിയുടെ ചെലവ് വർദ്ധിക്കുന്നതിന് കാരണമാകും. പ്രവൃത്തി 18 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. അതിനാൽ ഈ കാലയളവിൽ സംഭവിക്കാവുന്ന സാധന സാമഗ്രികളുടെ വിലവർദ്ധനയും പരിഗണനയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. നിലവിലെ ഘട്ടത്തിൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുന്നത് കൂടുതൽ കാലതാമസം ഉണ്ടാക്കുന്നതുമാണ്. കൂടാതെ, ആവശ്യമായ അധിക തുക നിക്ഷേപിക്കാനുള്ള സന്നദ്ധത പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് അറിയിച്ചിട്ടുമുണ്ട്.

6) 04/05/2019 തീയതിയിലെ സ.ഉ(അച്ചടി)നം.54/2019/ഫിൻ ഉത്തരവിലെ ഖണ്ഡിക 5, ഉപഖണ്ഡിക 5 ൽ പരാമർശിച്ചിരിക്കുന്ന LMR/DSOR+10% ടോളറൻസ് ലിമിറ്റ് എന്ന പരിധിയ്ക്ക് പുറത്തുള്ള തുകയാണ് നെഗോഷിയേറ്റഡ് തുക എന്നതിനാൽ ശ്രീ, തോമസ് പി.ജെ എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത തുകയായ ₹ 2,19,29,523/- (എസ്റ്റിമേറ്റ് PAC- യിൽ നിന്നും 9.93 ശതമാനം അധികരിച്ച തുക)യുടെ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച റിമാർക്സിനായി ഫയൽ ധനവകുപ്പിന് നൽകിയപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി;

*" AD is advised to negotiate further with the contractor to reduce the rate at par with the LMR amount (reduction by Rs 871835/-), OR alternately,*

*If the contractor is unwilling to reduce the rate and AD feels that further tendering may not yield a better response , Chief Engineer (Bridges) may be advised to submit the tender excess proposal of the work "Construction of Avanippara Bridge to Avanippara Tribal Colony under Konni Constituency in Pathanamthitta District for an amount of Rs. 2,19,29,523/- which is 9.93% above estimate PAC of Rs. 1,99,49,004/-"*

*This has the approval of Hon'ble Minister (Finance)"*

7) ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകുകയും അതിനെത്തുടർന്ന് ചീഫ് എഞ്ചിനിയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, PRICE സോഫ്റ്റ് വെയർ മുഖേന കരാറുകാരനുമായി നെഗോസിയേഷൻ നടത്തുകയുണ്ടായെന്നും, നിലവിൽ ക്വോട്ട് ചെയ്ത റേറ്റ് കുറയ്ക്കുവാൻ സാധിക്കുകയില്ല എന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ അറിയിക്കുകയുണ്ടായി. പ്രസ്തുത പ്രവർത്തി 2 തവണയാണ് ഇതിനോടകം ടെണ്ടർ

ചെയ്തിട്ടുള്ളത്. നിലവിലെ L1 കരാറുകാരനായ ശ്രീ. തോമസ് പി ജെ ക്വോട്ട് ചെയ്തിരിക്കുന്നത് എസ്റ്റിമേറ്റ് PAC - യെക്കാൾ 9.93% ഉയർന്ന നിരക്കിലാണെന്നും പ്രസ്തുത പ്രവർത്തി SC/ST വകുപ്പിന് വേണ്ടിയുള്ള ഒരു Deposit Work ആണ്. റീ-ടെണ്ടർ ചെയ്യുകയാണെങ്കിൽ പ്രവർത്തി കാലതാമസം ഉണ്ടാകുവാനും, ടെണ്ടറിൽ നിലവിൽ ലഭിച്ചിട്ടുള്ളതിനേക്കാൾ കുറഞ്ഞ തുക ക്വാട്ട് ചെയ്യുവാൻ സാധ്യത ഇല്ലാത്തതിനാലും, L1 കരാറുകാരനായ ശ്രീ. തോമസ് പി. ജെ. ക്വാട്ട് ചെയ്ത Rs.2,19,29,523/- രൂപയ്ക്കുള്ള (എസ്റ്റിമേറ്റ് തുകയേക്കാൾ 9.93% അധികനിരക്കിലുള്ള) ടെണ്ടർ, മാനദണ്ഡങ്ങളിൽ ഇളവ് നൽകി, അംഗീകരിച്ച് നൽകണമെന്നും അഭ്യർഥിച്ചിരിക്കുന്നു.

8) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ബഹു.മുഖ്യമന്ത്രി അനുമതി നൽകുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ആവണിപ്പാറ ട്രൈബൽ കോളനിയിലേയ്ക്കുള്ള ആവണിപ്പാറ പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രീ. തോമസ് പി.ജെ എന്ന കരാറുകാരൻ ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് PAC - യെക്കാൾ 9.93% വർദ്ധനവുള്ളതും , എൽ.എം.ആർ തുകയെക്കാൾ 4.14% വർദ്ധനവുള്ളതും, DSOR+10%-നെക്കാൾ 0.065% കുറവുള്ളതുമായ 2,19,29,523/- രൂപയുടെ (രണ്ട് കോടി പത്തൊൻപത് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ടെണ്ടർ ; 04.05.2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ പ്രകാരം നിലവിലുള്ള മാനദണ്ഡമായ '' Quoted rate / LMR or DSOR+10% whichever is less'' എന്നതിൽ ഇളവ് വരുത്തിക്കൊണ്ട് അംഗീകരികരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച് ടെണ്ടർ അംഗീകരിക്കാവുന്നതാണോ ?